(ബി) സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ഇവർക്ക് ഈ ഓണക്കാലത്ത് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇവർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1311 ജീവനക്കാർ.

(ബി, സി) ഇക്കാര്യത്തിൽ ഇതുവരെ തീരുമാനം എടുത്തിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി വിൽപ്പന

105 [4861] ശ്രീ. ജോർജ് ജെ. മാത്യു:
„ ഡൊമിനിക് പ്രസന്റേഷൻ:
„ ലൂഡി ലൂയിസ്:

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി വിൽക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതിന്റെയെല്ലാം എന്ന് പറയുമോ;

(സി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ വേണ്ടി മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി വിൽക്കൂ എന്ന് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 27 പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദമായ പഠനം നടത്തിയതിനുശേഷമുള്ള പുനരുദ്ധാരണ റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡ് വഴി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ചതിനുശേഷം 17 സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ അധികമുള്ള ആസ്തികളുടെ വിൽപ്പനയിലൂടെ മാത്രമേ ബാദ്ധ്യതകൾ തീർപ്പാക്കാനുള്ള തുക സ്വരൂപിക്കാൻ കഴിയുകയുള്ളൂ:

(1) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ
(2) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്
(3) കേരള സിറാമിക്സ് ലിമിറ്റഡ്
(4) ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്
(5) കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
(6) സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്
(7) അസ്ട്രൽ വാച്ചസ് ലിമിറ്റഡ്
(8) ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്.

(സി) അപ്രകാരം തീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly